പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1599

14/07/2016 ൽ മറുപടിക്ക്

## ചവറ കെ.എം.എം.എൽ കമ്പനിയുടെ സമീപത്തുള്ള ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ.വിജയൻ പിള്ള; | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനമായ ചവറ കെ.എം.എം.എൽ കമ്പനിയുടെ സമീപത്തുള്ള ചിറ്റൂർ പ്രദേശത്തെ 150 ഏക്കർ സ്ഥലം വ്യവസായ വകുപ്പ് ഏറ്റെടുക്കുമോ എന്ന വ്യക്തമാക്കാമോ; | എ), ബി) & സി) | 01.03.2014 ലെ സ.ഉ( എം.എസ്) നമ്പർ 34/2014/വ്യവ ഉത്തരവ് പ്രകാരം കെ.എം.എം.എൽ കമ്പനിയിൽ നിന്നുമുള്ള മലിനീകരണം രൂക്ഷമായിട്ടുള്ള 150 ഏക്കർ ഭൂമി കമ്പനിയുടെ ഭാവി വികസന പ്രവർത്തനങ്ങൾക്കും എസ്.എം.ഇ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്ര, സിഡ്കോ എന്നീ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനും ആവശ്യമായ നഷ്ട പരിഹാരം നൽകിയും പുനരധിവാസ പാക്കേജ് നടപ്പാക്കിയും ഏറ്റെടുക്കുന്നതിന് ഉത്തരവായി. 02.03.2016 ലെ സ.ഉ(എം.എസ്) നമ്പർ 48/2016/വ്യവ സർക്കാർ ഉത്തരവ് പ്രകാരം 150 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 125 കോടി രൂപ ബഡ്ജറ്റിൽ മെഗാ പ്രൊജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് മുൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മെഗാ പ്രൊജക്ടുകൾക്കായി വകയിരുത്തിയ തുക മുൻകൂർ തീരുമാനിച്ചിട്ടുള്ള നിർദ്ദിഷ്ട പദ്ധതികൾക്ക മാത്രമേ വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ. ഈസാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| ബി) ഇതിനുള്ള എന്തു നടപടിയാണ് മുൻസർക്കാർ സ്വീകരിച്ചത് എന്ന വ്യക്തമാക്കാമോ; | | |
| സി) പന്മന ചിറ്റൂർ ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ